## ദേശീയ ഭീകര വിരുദ്ധപ്രവർത്തന കേന്ദ്രം ആരംഭിക്കുന്നതു സംബന്ധിച്ച കേന്ദ്ര ആഭ്യന്തരമന്ത്രിയുടെ അഭ്യർത്ഥനയോടുള്ള പ്രതികരണം

ഇൻഡ്യ കഴിഞ്ഞ മൂന്നു ദശകത്തിലേറെയായി ആഭ്യന്തരവും അതിർത്തിക്കപ്പുറത്തുനിന്നുമുള്ള ഭീകര പ്രവർത്തനങ്ങളുടെ ലക്ഷ്യപിധിയിലാണ്. പഞ്ചാബ് ഭീകരവാദം നമ്മൾ വിജയകരമായി കൈകാര്യം ചെയ്തു. ജമ്മു-കാഷ്മീരിലെ സ്ഥിതിഗതികൾ ഏറെക്കുറേ ഭേദപ്പെട്ടു. പക്ഷേ, പ്രകോപനത്തിന്റെ ചെറിയൊരു പൊരി മതി അവിടെ അതു പുനരാരംഭിക്കാൻ. വടക്കു-കിഴക്കൻ മേഖലയിൽ പലയിടങ്ങളും തീവ്രവാദ പ്രവർത്തനങ്ങളുടെ ശല്യത്തിലാണ്.

ഒരു പതിറ്റാണ്ടു മുമ്പുവരെ നാം അഭിമാനത്തോടെ പറയുമായിരുന്നു നമ്മുടെ രാജ്യത്ത് ജിഹാദികളുടെ പ്രവർത്തനകേന്ദ്രങ്ങളില്ലെന്ന്. ഇന്നതല്ല സ്ഥിതി. ഔദ്യോഗികമായും അല്ലാതെയും നമ്മുടെ നാട്ടിൽ കുഴപ്പങ്ങൾ ഉണ്ടാക്കുന്നതിന്റെ ചരിത്രമുള്ള അയൽക്കാരാണു നമ്മുടെ അതിർത്തിക്കപ്പുറത്ത്. ഇൻഡ്യക്ക് വളരെ ദൃഢമായ സമീപനം വേണം ഭീകരതക്കെതിരേ. ഭീകരതക്കെതിരേയുള്ള യുദ്ധം നിരന്തരമാകണം- അതിനെ തടസപ്പെടുത്താവുന്നതാകരുത്.

എന്നാൽ ഭീകരതക്കെതിരേയുള്ള സമീപനത്തിൽ യുപിഎ സർക്കാരിന്റെ മൃദുല സമീപനം വ്യക്തമാക്കുന്ന ചില സംഭവങ്ങളുണ്ട് അടുത്ത കാലങ്ങളിലായി. എൻഡിഎ സർക്കാർ ഭീകരവിരുദ്ധ നിയമമായ പോട്ടാ കൊണ്ടുവന്നപ്പോൾ കോൺഗ്രസ് പാർട്ടി അതിനെ ന്യൂനപക്ഷ വിരുദ്ധമെന്നും ഭീകര വിരുദ്ധമല്ലെന്നും വിമർശിച്ച് എതിർത്തു. പോട്ടാ ഭീകരർക്കെതിരേ അന്വേഷണം നടത്താനും കുറ്റക്കാരെ ശിക്ഷിക്കാനും തികച്ചും യുക്തമായ നിയമമായിരുന്നു. യുപിഎയുടെ തെരഞ്ഞെടുപ്പു പ്രകടന പത്രിക പോട്ടാ റദ്ദാക്കുമെന്നു വാഗ്ദാനം ചെയ്തു. അങ്ങനെ യുപിഎക്ക് പോട്ടാ നിയമത്തിൽ ഉൾപ്പെടുത്തിയിരുന്ന ജാമ്യത്തെയും കുറ്റ സമ്മതത്തെയും സംബന്ധിച്ച രണ്ടു വകുപ്പുകൾ ഉൾക്കൊള്ളിക്കാൻ നിയമവിരുദ്ധ പ്രവർത്തനം (തടയൽ) നിയമത്തിനെ ഭേദഗതി ചെയ്യേണ്ടിവന്നു. പി.ചിദംബരം ആഭ്യന്തരമന്ത്രിയായി ചുമതലയേറ്റ ഉടൻതന്നെ മാവോയിസ്റ്റ് ആക്രമണങ്ങളെക്കുറിച്ചു നടത്തിയ അഭിപ്രായ പ്രകടനം ഏറെ ധൈര്യം പ്രകടിപ്പിക്കുന്നതായി. എന്നാൽ യുപിഎയുടെ അദ്ധ്യക്ഷ കോൺഗ്രസ് പാർട്ടിയുടെ ഒരു പ്രസിദ്ധീകരണത്തിൽ ചിദംബരത്തിന്റെ സക്രിയതയെ തണുപ്പിച്ചുകളഞ്ഞു. അതോടെ അദ്ദേഹം വഴിമാറ്റി. അങ്ങനെ അദ്ദേഹം പുതിയ നിലപാടു പറഞ്ഞു, മാവോയിസം തടയുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്തം സംസ്ഥാനങ്ങൾക്കാണ്, കേന്ദ്ര സർക്കാർ രഹസ്യാന്വേഷണ വിവരങ്ങൾ നൽകിയും സുരക്ഷാ സേനയെ നൽകിയും സഹായിക്കുയേ ഉള്ളുവെന്ന്.

സംസ്ഥാനത്തിന്റെയും കേന്ദ്രത്തിന്റെയും സംയുക്ത ഉത്തരവാദിത്തമാണ് ഭീകരതയെ നേരിടൽ. ഭീകരത ഇൻഡ്യയുടെ പരമാധികാരത്തെ ബാധിക്കുന്നു. അതു പൊതു ആഭ്യന്തര പ്രശ്നങ്ങളെ ബാധിക്കുന്നു. നമ്മുടെ ഭരണഘടന പ്രകാരം പ്രതിരോധം കേന്ദ്ര സർക്കാരിന്റെ ഉത്തരവാദിത്തമാണ്. പൊതു സമാധാനവും പൊലീസും സംസ്ഥാനങ്ങളുടെ ചുമതലയിലാണ്. ഭീകരതക്കെതിരേയുള്ള പോരാട്ടം സംസ്ഥാനങ്ങളുടെ അധികാരം നിലനിർത്തിക്കൊണ്ടുള്ള കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പ്രവർത്തനമാകണം. അല്ലാതെ ഫെഡറലിസവും ടെററിസവും തമ്മിലുള്ള ഏറ്റുമുട്ടലെന്ന മട്ടിലുള്ള ചർച്ചകൾ അർത്ഥരഹിതമാണ്.

ദേശീയ ഭീകര വിരുദ്ധപ്രവർത്തന കേന്ദ്രത്തെ എതിർക്കേണ്ട ആവശ്യമേ ഇല്ല. പക്ഷേ, അതിന്റെ അധികാര പരിധികഹഅ ഭരണഘടനയ്ക്കുള്ളിൽ ഒതുങ്ങിനിൽക്കണം. അതിർത്തിക്കു പുറത്തുനിന്നുള്ള ശക്തികളുടെ പ്രവർത്തനവും കുഴപ്പങ്ങൾ ഉണ്ടാക്കാനിടയുള്ള സാഹചര്യങ്ങളും സംബന്ധിച്ച നിരീക്ഷണവും വിവരശേഖരണവും സമ്പൂർണ്ണമായി കേന്ദ്ര സർക്കാരിന്റെ അധികരത്തിലായിരിക്കണം. ഭീകര പ്രവർത്തനങ്ങൾക്ക് അന്തർദേശീയബന്ധമുണ്ടാകും. ദേശീയ-അന്തർദേശീയ രഹസ്യവിവരങ്ങൾ ശേഖരിക്കുന്നതും സംസ്ഥാനങ്ങൾക്ക് അവ പങ്കുവെക്കുന്നതും കേന്ദ്രത്തിന്റെ ചുമതലയാണ്. നിയമവിരുദ്ധ പ്രവർത്തന നിരോധന നിയമത്തിൻകീഴിൽ ദേശീയ അന്വേഷണ ഏജൻസി (എൻഐഎ) ഭീകരപ്രവർത്തന സംഭവങ്ങൾ അന്വേഷിക്കാൻ ഇപ്പോൾത്തന്നെ കേന്ദ്രത്തിനു കഴിയും. ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും വേണ്ടി ഒരു സാങ്കേതിക സംവിധാനം ഉണ്ടാക്കുന്നതു മനസ്സിലാക്കാം. എന്തിനാണ് എൻസിടിസിക്ക് കേന്ദ്ര സർക്കാർ പൊലീസ് അധികാരം കൊടുക്കുന്നത്, അതിനു സംസ്ഥാന പൊലീസും എൻഐഎയും ഉള്ള സ്ഥിതിക്ക്?

എൻസിടിസി ഇന്റലിജൻസ് ബ്യൂറോ (ഐബി)യുടെ കീഴിൽ സംഘടിപ്പിക്കാനാണ് സർക്കാർ നിർദ്ദേശം. അതിന്റെ ഡയറക്ടർ ഐബി ഡയറക്ടർക്ക് റിപ്പോർട്ടു ചെയ്യണം. രഹസ്യാന്വേഷണ ഏജൻസികൾക്ക് പൊലീസ് അധികാരം നൽകരുത്. അമേരിക്കയിൽ എൻസിടിസിക്ക് രഹസ്യാന്വേഷണങ്ങളില തന്ത്രപരമായ ആസൂത്രണങ്ങളിലും സംയോജനങ്ങളിലും മാത്രമേ പങ്കാളിത്തമുള്ളു, അല്ലാതെ നേരിട്ടുള്ള പ്രവർത്തനത്തിലില്ല. സംയുക്ത ഭീകരപ്രവർത്തന വിശകലന കേന്ദ്രത്തിനവിടെ സംയോജകന്റെ പങ്കേ ഉള്ളു. ഇൻഡ്യൻ നിർദ്ദേശം രഹസ്യവിവരങ്ങൾ ശേഖരിക്കുകയും ഒപ്പം നേരിട്ടുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്ന ഒരു ഏജൻസിക്കു രൂപം കൊടുക്കുന്നതിനാണ്. ഈ അധികാരം ഒരു രഹസ്യാന്വേഷണ ഏജൻസിക്കു കിട്ടിയാൽ ഇപ്പോൾ സംസ്ഥാന സർക്കാരുൾക്കുള്ള ആഭ്യന്തര ക്രമസമാധാന പാലന അധികാരം അവർക്കില്ലാതെ പോവുകയാവും ഫലം.

എന്തുകൊണ്ടാണ് സംസ്ഥാനങ്ങളെ കേന്ദ്ര സർക്കാരുകൾക്കു വിശ്വാസമില്ലാത്തത്? പ്രവർത്തന മേഖലയിൽ എൻസിടിസിക്ക് ഏതു സമയത്തും സംസ്ഥാന പൊലീസുമായി ഒന്നിച്ചുപോകാം. ഭീകരവിരുദ്ധ പ്രവർത്തനങ്ങളിൽ ഏതെങ്കിലും സംസ്ഥാന സർക്കാരിനെ അവിശ്വസിക്കേണ്ട സ്ഥിതിവിശേഷം കേന്ദ്രത്തിനുണ്ടായിട്ടുണ്ടോ? അസാധാരണമായ സന്ദർഭങ്ങളിൽ എൻഐഎക്കും ഇത്തരം പ്രവത്തനങ്ങളിൽ ഇടപെടാവുന്നതേയുള്ളു.

തിരച്ചിലിനും കണ്ടുകെട്ടലിനും അറസ്റ്റിനുമുള്ള അധികാരം, അതായത് പ്രവർത്തനാധികാരം രഹസ്യാന്വേഷണ വിഭാഗത്തിനു നൽകുന്നത് ഏറെ അപകടകരമായ കാര്യമാണ്. രഹസ്യാന്വേഷണ ഏജൻസിയുടെ പ്രവർത്തനം രഹസ്യമായാണ്. അതൊരു നിയമാനുസൃതമായ സ്ഥാപനമല്ല. അതിന്റെ ബജറ്റും വരവുചെലവു കണക്കുകളും ആരെയും കാണിക്കുന്നതല്ല. സുരക്ഷാ കാര്യങ്ങളിൽ നിർണ്ണായക പങ്കുണ്ടായിരുന്ന ഐബിയെ പിൽക്കാലത്ത് രാഷ്ട്രീയാവശ്യങ്ങൾക്കും രാഷ്ട്രീയ പ്രവർത്തനൾക്കും വിനിയോഗിക്കപ്പെടുകയായിരുന്നു. ഈ പ്രവണത പാടേ ഇല്ലാതാക്കണമെന്നാണ് എന്റെ അഭിപ്രായം. ഐബിയുടെ ജോലി രാഷ്ട്രീയപരമോ അന്വേഷണത്തിലൂന്നയുള്ളതോ ആകരുത്. അത് രഹസ്യ വിവര ശേഖരണത്തിനും അതിന്റെ വിശകലനത്തിനും വിതരണത്തിനും മാത്രമുള്ളതായിരിക്കണം. അതാണ് എൻസിടിസി ചെയ്യേണ്ടതും.